രജിസ്റ്റർ ചെയ്താലും, അവർക്കുള്ള മുൻഗണന ലൈൻ ചാർജ് ചെയ്ത ദിവസം വച്ചു കണക്കാക്കാനും ബോർഡ് ഉത്തരവായിട്ടുണ്ട്. അതുകൊണ്ട് ഇനിയും മിനിമം ഗാരണ്ടി എഗ്രിമെന്റ് പ്രകാരം അരിക്കുളം പഞ്ചായത്തിൽ കണക്ഷൻ ലഭിക്കാനുള്ള ഗുണഭോക്താക്കൾ അവർ കണക്ഷനു വേണ്ടി രജിസ്റ്റർ ചെയ്താൽ 7-3-1985 മുതലുള്ള മുൻഗണന ലഭിക്കുന്നതാണ്. അതനുസരിച്ചു കണക്ഷൻ നൽകുന്നതുമായിരിക്കും.

വൈദ്യുത കണക്ഷൻ സ്പെഷ്യൽ ഓർഡർ

198 [214] ശ്രീ. കെ. പി. രാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷനുവേണ്ടി ഇപ്പോൾ സ്പെഷ്യൽ ഓർഡർ നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്താണ്?

ഉത്തരം

(എ) ഇല്ല.

(ബി) സ്പെഷ്യൽ ഓർഡർ നൽകേണ്ട എന്ന് എല്ലാ വശങ്ങളും പരിഗണിച്ചശേഷം തീരുമാനിക്കുകയാണുണ്ടായത്.

സ്പെഷ്യൽ ഓർഡർ പ്രകാരമുള്ള വൈദ്യുതി

199 [215] ശ്രീ. കെ. പി. രാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത കാലത്ത് നൽകിയ സ്പെഷ്യൽ ഓർഡർ പ്രകാരം എല്ലാവർക്കും വൈദ്യുതി കണക്ഷൻ നൽകുവാൻ സാധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചില അത്യാവശ്യ സാധന സാമഗ്രികളുടെ അപര്യാപ്തത, സാമ്പത്തിക പരിമിതികൾ ഇവമൂലമാണ് ഇതു കൊടുത്തു തീർക്കാൻ സാധിക്കാത്തത്.

വീടുകൾക്ക് വൈദ്യുതി നൽകുന്നതിനു കോൺട്രിബ്യൂഷൻ വ്യവസ്ഥ

200 [216] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകൾക്ക് വൈദ്യുതി നൽകുന്നതിന് കോൺട്രിബ്യൂഷൻ വ്യവസ്ഥ ഇന്നും നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വ്യവസ്ഥ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1985 ഏപ്രിൽ 1-ാം തീയതി മുതൽ ഗാർഹികാവശ്യത്തിനുള്ള വൈദ്യുത കണക്ഷനുകൾക്ക് കോൺട്രിബ്യൂഷൻ സമ്പ്രദായം നിർത്തലാക്കിയിട്ടുണ്ട്. എന്നാൽ ഗാർഹിക കണക്ഷനുകൾ പ്രത്യേക മുൻഗണനാ പ്രകാരം ലഭിക്കുന്നതിന് കോൺട്രിബ്യൂഷൻ സ്വീകരിക്കാവുന്നതാണെന്നുള്ള ഹൈക്കോടതിയുടെ നിർദ്ദേശം പരിഗണിച്ച് കോൺട്രിബ്യൂഷൻ നൽകാൻ തയ്യാറാണെന്ന് സ്വമേധയാ രേഖാമൂലം അറിയിക്കുന്ന അപേക്ഷകരിൽനിന്നും കോൺട്രിബ്യൂഷൻ സ്വീകരിക്കുന്നതിന് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ബോർഡ് അധികാരപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇപ്പോഴത്തെ നടപടിക്രമം മാറേണ്ട ആവശ്യം കാണുന്നില്ല.

വൈദ്യുതി കണക്ഷനുവേണ്ടിയുള്ള സ്പെഷ്യൽ ഓർഡർ

201 [217] ശ്രീ. കെ. പി. രാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി ഗതാഗതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 മുതൽ 1986 മെയ് 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ ഓരോ ജില്ലയിലും വൈദ്യുതി കണക്ഷനുവേണ്ടി എത്ര സ്പെഷ്യൽ ഓർഡർ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചു വ്യക്തമാക്കുമോ;

(ബി) ഇതിൽ കോൺട്രിബ്യൂഷൻ വ്യവസ്ഥയിൽ എത്ര സ്പെഷ്യൽ ഓർഡർ നൽകിയിട്ടുണ്ട്;

(സി) കോൺട്രിബ്യൂഷൻ ഇല്ലാതെ എത്ര സ്പെഷ്യൽ ഓർഡർ നൽകിയിട്ടുണ്ട്?

ഉത്തരം

(എ)

തിരുവനന്തപുരം	—	14,868	എണ്ണം
കൊല്ലം	—	5,138	,,
പത്തനംതിട്ട	—	698	,,
ആലപ്പുഴ	—	1,686	,,
കോട്ടയം	—	8,759	,,
ഇടുക്കി	—	2,368	,,
എറണാകുളം	—	4,150	,,
തൃശ്ശൂർ	—	151	,,
പാലക്കാട്	—	201	,,
മലപ്പുറം	—	536	,,
വയനാട്	—	290	,,
കോഴിക്കോട്	—	805	,,
കണ്ണൂർ	—	1,504	,,
കാസർഗോഡ്	—	155	,,
ആകെ		41,309	എണ്ണം

(ബി) 15,275 എണ്ണം.

(സി) 26,034 എണ്ണം.

LIBRARY ARCHIVES Kerala Legislative Assembly